# കണ്ണൂർ സർവകലാശാല
## (പരീക്ഷാ വിഭാഗം)

www.kannuruniversity.ac.in

No. EG.I./PR/2020 കെ. യു എച്ച്. ക്യു., തീയതി: 07.09.2021

**പ്രസിദ്ധീകരണത്തിന്**

**ഹോൾടിക്കറ്റ്**

**10.09.2021** ന് ആരംഭിക്കുന്ന **മൂന്നാം** സെമസ്റ്റർ **ബി. എ. എൽഎൽ. ബി.** റെഗുലർ (നവംബർ 2020) പരീക്ഷകളുടെ ഹോൾടിക്കറ്റ് സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. സപ്ലിമെന്ററി പരീക്ഷാർഥികൾ പഠനവകുപ്പിൽ നിന്നും ഹോൾടിക്കറ്റ് കൈപ്പറ്റേണ്ടതാണ്. ഹോൾടിക്കറ്റ് ലഭിക്കാത്തവർ 08.09.2021 ന് മുൻപായി സർവകലാശാലയുമായി ബന്ധപ്പെടുക.

**പരീക്ഷാവിജ്ഞാപനം**

സർവകലാശാല പഠനവകുപ്പുകളിലെ എം. എ. ട്രൈബൽ & റൂറൽ സ്റ്റഡീസ് ഒഴികെയുള്ള **ഒന്നാം** സെമസ്റ്റർ **പി. ജി.** നവംബർ 2020 റെഗുലർ പരീക്ഷകൾക്ക് **09.09.2021** മുതൽ **13.09.2021** വരെ പിഴയില്ലാതെയും **15.09.2021** വരെ പിഴയോട് കൂടെയും അപേക്ഷിക്കാം. പരീക്ഷാവിജ്ഞാപനം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

**സ്വയം സാക്ഷ്യപ്പെടുത്താം**

**ഒന്നാം** സെമസ്റ്റർ **ബിരുദ** (നവംബർ 2020) പരീക്ഷകളുടെ ഹോൾടിക്കറ്റിൽ ഫോട്ടോ പതിച്ച് സ്വയം സാക്ഷ്യപ്പെടുത്താം. സ്വയം സാക്ഷ്യപ്പെടുത്തിയ ഹോൾടിക്കറ്റ് ഉപയോഗിക്കുന്നവർ ഫോട്ടോ പതിപ്പിച്ച സർക്കാർ അംഗീകൃത തിരിച്ചറിയൽ രേഖയുടെ അസ്സൽ (ആധാർ/ വോട്ടേഴ്സ് ഐഡി/ ഡ്രൈവിങ് ലൈസൻസ്/ പാൻ കാർഡ്) കരുതണം.

**ഇന്റേണൽ മാർക്ക്**

**ഒന്നാം** സെമസ്റ്റർ **ബിരുദ** (നവംബർ 2020) പരീക്ഷകളുടെ ഇന്റേണൽ മാർക്ക് സമർപ്പിക്കുന്നതിനുള്ള ലിങ്ക് **10.09.2021** മുതൽ **18.09.2021** വരെ വെബ്സൈറ്റിൽ ലഭ്യമാകും.

**പരീക്ഷാഫലം**

- **ഒന്നാം** വർഷ എം. എ. പൊളിറ്റിക്കൽ സയൻസ് സപ്ലിമെന്ററി (ജൂൺ 2020) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും പകർപ്പിനും **22.09.2021** ന് വൈകുന്നേരം 5 മണി വരെ ഓൺലൈനായി അപേക്ഷിക്കാം. മാർക്ക് ലിസ്റ്റുകൾ വിതരണം ചെയ്യുന്ന തീയതി പിന്നീട് അറിയിക്കും.

- സർവകലാശാല പഠനവകുപ്പുകളിലെ **നാലാം** സെമസ്റ്റർ **എം. എസ് സി. ഫിസിക്സ്/ കെമിസ്ട്രി/ ജോഗ്രഫി, എം. എ. ഹിസ്റ്ററി** റെഗുലർ/ സപ്ലിമെന്ററി (മെയ് 2021) പരീക്ഷാഫലം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും പകർപ്പിനും **20.09.2021** ന് വൈകുന്നേരം 5 മണി വരെ അപേക്ഷിക്കാം.

ഒപ്പ്/-

**അസിസ്റ്റന്റ് രജിസ്ട്രാർ I**

**(പരീക്ഷാ വിഭാഗം)**